(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

സ്കൂൾ, കോളേജ് തലങ്ങളിലെ എൻ.സി.സി.യുടെ പ്രവർത്തനം

7 (*685) ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. എം. പി. വർഗ്ഗീസ് :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. എം. വി. ജയരാജൻ :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂൾ കോളേജ് തലങ്ങളിലെ എൻ.സി.സി.യുടെ പ്രവർത്തന മേഖല വിപുലീകരിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഏതൊക്കെ മേഖലകളിലാണ് വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(സി) ജല മലിനീകരണം, പ്ലാസ്റ്റിക് മാലിന്യങ്ങളുടെ വ്യാപനം എന്നീ സാമൂഹ്യ പ്രശ്നങ്ങളെ അതിജീവിക്കാൻ എൻ.സി.സി. എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ എപ്രകാരം എന്ന് വെളിപ്പെടുത്തുമോ ;

(ഡി) രക്തദാനം, നേത്രദാനം, പൾസ്പോളിയോ പരിപാടി എന്നിവയുടെ പ്രവർത്തനത്തിന് സഹായകരമായ എന്തെങ്കിലും നടപടി എൻ.സി.സി. സ്വീകരിക്കുകയുണ്ടായോ ;

(ഇ) എങ്കിൽ പ്രസ്തുത മേഖലകളിൽ എൻ.സി.സി. കൈവരിച്ചനേട്ടങ്ങൾ വിശദീകരിക്കുമോ ;

(എഫ്) കോഴിക്കോട് നിർമ്മിക്കാനുദ്ദേശിക്കുന്ന എൻ.സി.സി. സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലെന്ന് വ്യക്തമാക്കുമോ ;

(ജി) പ്രസ്തുത സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോൾ പൂർത്തീകരിക്കാനാവുമെന്ന് വെളിപ്പെടുത്തുമോ ;

(എച്ച്) എൻ.സി.സി. സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് എന്തു ചെലവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കണ്ണൂർ ആസ്ഥാനമായി ഒരു ഗ്രൂപ്പ് ഹെഡ് ക്വാർട്ടേഴ്സും വിവിധ ജില്ലകളിലായി പത്ത് ഗേൾസ് ബറ്റാലിയനുകളുമാണ് പ്രവർത്തനമേഖല വിപുലീകരിക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

ഗ്രൂപ്പ് ഹെഡ് ക്വാർട്ടേഴ്സ്	കണ്ണൂർ	1
ഗേൾസ് ബറ്റാലിയനുകൾ		
	തിരുവനന്തപുരം	2
	കൊല്ലം	1
	കോട്ടയം	2
	എറണാകുളം	1
	കോഴിക്കോട്	2
	കണ്ണൂർ	2
		10

ഗേൾസ് കേഡറ്റുകളുടെ എണ്ണം കേരളത്തിൽ 9570-ൽ നിന്നും 25610 ആയി ഉയർത്താനാണ് ഉദ്ദേശിക്കുന്നത്. ഈ വിധത്തിൽ കേരളത്തിൽ ആകെയുള്ള എൻ. സി. സി. കേഡറ്റുകളുടെ എണ്ണം 74390-ൽ നിന്നും 1,00,000 (ഒരുലക്ഷം) ആക്കി ഉയർത്താനുള്ള ഒരു പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുണ്ട്.

(സി) എൻ.സി.സി. സംഘടിപ്പിക്കുന്ന എല്ലാ ക്യാമ്പുകളിലും സാമൂഹിക സേവനത്തിന്റെ ഭാഗമായി, ജലമലിനീകരണം, പ്ലാസ്റ്റിക് മാലിന്യങ്ങളുടെ വ്യാപനം എന്നീ സാമൂഹിക പ്രശ്നങ്ങൾക്ക് പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിച്ചുകൊണ്ട് ബോധവൽക്കരണ പരിപാടികൾ നടത്താറുണ്ട്.

(ഡി) സ്വീകരിക്കുകയുണ്ടായി.

(ഇ) കഴിഞ്ഞ വർഷം 2116 എൻ. സി. സി കേഡറ്റുകൾ രക്തദാനം ചെയ്യുകയും 13437 കേഡറ്റുകൾ നേത്രദാന പ്രതിജ്ഞ എടുക്കുകയും ചെയ്തു. കൂടാതെ രാജ്യത്തുടനീളം നടന്ന പോളിയോ നിർമാർജ്ജന പരിപാടിയിൽ പ്രതിരോധ വകുപ്പിന്റെ നിർദ്ദേശാനുസരണം എൻ. സി. സി. കേഡറ്റുകൾ പൂർണ്ണമായും പങ്കെടുക്കുകയുണ്ടായി.

(എഫ്) കോഴിക്കോട് നിർമ്മിക്കാനുദ്ദേശിക്കുന്ന എൻ. സി. സി. സമുച്ചയത്തിന്റെ അടിത്തറ നിർമ്മാണം പൂർത്തിയായി. ബറ്റാലിയൻ ബ്ലോക്കുകളിൽ ഒന്നിന്റെ ഒന്നാം നില വാർത്തു കഴിഞ്ഞു. മറ്റു ബ്ലോക്കുകളുടെ നിർമ്മാണ പ്രവർത്തനങ്ങളും പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

(ജി) കരാർ പ്രകാരം 13-5-2001-ൽ പൂർത്തിയാകും.

(എച്ച്) ഉണ്ട്. ഇപ്പോഴത്തെ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക 186 ലക്ഷം രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly